(ബി) തീരുമാനിച്ചിട്ടില്ല. ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ മേൽനോട്ടത്തിലാണ് മൂന്ന് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു മാസംകൊണ്ട് 4 ലക്ഷം വരുന്ന കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പു നടത്താനുള്ള മരുന്നാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. സമയബന്ധിതമായി ഇത്രയും കുത്തിവയ്പ് നൽകാൻ ജില്ലയിലെ മുഴുവൻ ഉദ്യോഗസ്ഥരേയും വിനൃസിച്ച് നടപ്പിലാക്കിയാൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാനാകുകയുള്ളൂ. പ്രതിരോധ കുത്തിവയ്പിനിടയിൽ രോഗബാധയുണ്ടായാൽ അവ മാത്രമായി കൈകാര്യം ചെയ്യുവാൻ പ്രത്യേകം സ്കാഡുകൾ ക്രമീകരിക്കണമെന്നുള്ളതിനാൽ ഈ ചുമതല കാലിരോഗ വിമുക്ത മേഖല ഓഫീസുകൾക്കാണ് നൽകിയിട്ടുള്ളത്. അതിർത്തി കടന്നുവരുന്ന മൃഗങ്ങൾക്കും കന്നുകാലിച്ചന്തകൾക്കു ചുറ്റുമുള്ള മൃഗങ്ങൾക്കും കുത്തിവയ്പ് നടത്തി രോഗം നിയന്ത്രിക്കേണ്ടതും ഈ ഓഫീസുകളുടെ ചുമതലയാണ്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ശാസ്ത്രീയമായി മാംസം പരിശോധിക്കാൻ സംവിധാനം

85 [1217] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിലെത്തുന്ന മാംസം ശാസ്ത്രീയമായി പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അസുഖം ബാധിച്ച മൃഗങ്ങളുടെ മാംസം വിപണനത്തിന് വ്യാപകമായി എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. മാംസ പരിശോധനയ്ക്കായി അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ജോലി ചെയ്യുന്ന വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ മാംസ പരിശോധനയ്ക്കായി അറവുശാലകളിൽ വെറ്ററിനറി ഡോക്ടറുടെ തസ്തിക അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly